തെങ്ങുകയറ്റത്തൊഴിലാളികളുടെ ദൗർലഭ്യം

142 (7439) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെങ്ങ് കയറുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു ;

(ബി) ഏറ്റവും ഒടുവിൽ വികസിപ്പിച്ചെടുത്തിട്ടുള്ള തെങ്ങുകയറ്റ യന്ത്രം കൃഷിവകുപ്പിന്റെ ചുമതലയിലാണോ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നത് ;

(സി) സാധാരണ ജനങ്ങൾക്കും ഇതിൽ പരിശീലനം നൽകാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ പരിശീലനവും തെങ്ങുകയറ്റ യന്ത്രവും നൽകിയ തൊഴിലാളികൾ തെങ്ങുകയറുന്നതിന് വാങ്ങുന്ന പ്രതിഫലത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഇ) പൊതുജനങ്ങൾക്കും തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തെങ്ങ് കയറുന്നതിന് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുന്നതിന് യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചുവരുന്നു. തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. 2013-14 വർഷം സംസ്ഥാനത്ത് 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും തെങ്ങുകയറ്റ യന്ത്രങ്ങൾ ഉപയോഗിക്കുന്ന വിധം പരിശീലിപ്പിക്കുന്നതിനായി 372 പരിശീലന പരിപാടികളും നടത്തുകയുണ്ടായി. 2014-15 വർഷവും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. കൂടാതെ നാളികേര വികസന ബോർഡ് തൊഴിലാളികളെ പരിശീലിപ്പിക്കുകയും തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കർഷകർക്ക് ലളിതമായി ഉപയോഗിക്കാവുന്ന തെങ്ങുകയറ്റ യന്ത്രങ്ങൾ റെയ്ഡ്കോ, കെയ്കോയിൽനിന്നുമാണ് കൃഷിവകുപ്പ് സംഭരിച്ച് വിതരണം ചെയ്യുന്നത്.

(സി) കർഷകർക്ക് തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പ് പരിധി നിശ്ചയിച്ചിട്ടില്ല.

(ഇ) കേരകർഷകർക്കായി തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly